# ഗവ. എൽ. പി. എസ്
# കൊണ്ണിയൂർ

## അക്കാഡമിക് മാസ്റ്റർ പ്ലാൻ

**2025 -26**

സ്ക്കൂൾതലം



# സ്കൂൾതല അക്കാദമിക മാസ്റ്റർപ്ലാൻ

## ആമുഖം

ഗവ. എൽ. പി. എസ് കൊണ്ണിയൂർ സ്കൂളിലെ 2025-26 അധ്യയന വർഷത്തെ അക്കാദമിക മാസ്റ്റർപ്ലാൻ രൂപപ്പെടുത്തിയിരിക്കുന്നത് കുട്ടികളുടെ സമ്പൂർണ്ണവും, സമഗ്രവുമായ വളർച്ചയെ മുൻനിർത്തിയുള്ള അക്കാദമിക – അക്കാദമികേതര പ്രവർത്തനങ്ങളെ കോർത്തിണക്കി കൊണ്ടാണ്. കോവിഡാനന്തര വിദ്യാഭ്യാസ മേഖലയിലുണ്ടായ മാറ്റങ്ങൾ, സാങ്കേതിക നേട്ടങ്ങൾ, ശാസ്ത്രീയ രീതികൾ, കുട്ടികളിലുണ്ടായ പഠനവിടവുകൾ, ശാരീരിക ആരോഗ്യമാനസിക മേഖലയിലുണ്ടായ വെല്ലുവിളികൾ, വൈജ്ഞാനിക ഭാഷാമേഖലയിലുണ്ടായ ബുദ്ധിമുട്ടുകൾ എന്നിവയൊക്കെ പരിഗണിച്ചു കൊണ്ടുള്ള വ്യക്തമായ ആസൂത്രണത്തിലൂടെ രൂപപ്പെട്ട ഒരു സമഗ്രരേഖയാണ് ഈ അധ്യയന വർഷത്തെ അക്കാദമിക മാസ്റ്റർപ്ലാൻ. ക്ലാസ് തല മാസ്റ്റർപ്ലാനിലൂടെ ഉരുത്തിരിഞ്ഞു വന്ന പൊതുവായ പഠനമേഖലകൾ, കുട്ടികളിലുണ്ടാകേണ്ട ധാരണകൾ, ശേഷികൾ എന്നിവ ഉൾക്കൊണ്ട പഠനപ്രവർത്തനങ്ങൾ മുതലായവ സ്കൂൾ തല മാസ്റ്റർപ്ലാനിൽ ഉൾപ്പെടുത്തിയിരിക്കുന്നു.

കുട്ടികൾ നേടിയ പഠനനേട്ടങ്ങൾക്ക് അനുപൂരകമായി നൽകേണ്ട പഠനപ്രവർത്തനങ്ങൾ, ഭാഷാവികാസ മേഖല, വൈജ്ഞാനിക മേഖല, സർഗ്ഗാത്മക മേഖല, വൈകാരിക മേഖല, ശാരീരിക കായിക മേഖല, സംഖ്യാബോധം തുടങ്ങിയ പഠനമേഖലകളിൽ നേട്ടങ്ങൾ കൈവരിക്കുന്നതിനാവശ്യമായ പാഠ്യപാഠ്യേതര പ്രവർത്തനങ്ങൾ ഈ അക്കാദമിക മാസ്റ്റർപ്ലാൻ വിഭാവനം ചെയ്യുന്നു. വിവിധ തരം പ്രവർത്തനങ്ങളിലൂടെ കുട്ടികളിലുണ്ടായ പഠനവിടവുകൾ പരിഹരിക്കുന്നതോടൊപ്പം കുട്ടികളുടെ മാനസികോല്ലാസവും, ശാരീരിക ചാലക വികാസവും, വ്യക്തിത്വ വികാസം, നേതൃപാടവം, പ്രകൃതി സ്നേഹം, പാരിസ്ഥിതിക പ്രവർത്തനങ്ങളിൽ പങ്കാളിത്തം, കാർഷിക മേഖലയിലുള്ള താല്പര്യം, കൂട്ടായ പ്രവർത്തനങ്ങളിലെ പങ്കാളിത്തം, സംഘബോധം, മാനുഷിക മൂല്യങ്ങൾ ഇവയൊക്കെ കുട്ടിയിൽ വളർത്തിയെടുക്കുന്നതിനുള്ള പ്രവർത്തനങ്ങളടങ്ങിയ ഒരു മാർഗ്ഗരേഖയാണ് ഈ അക്കാദമിക മാസ്റ്റർപ്ലാൻ. ഈ പ്രക്രിയ പൂർത്തീകരിക്കുന്നതിന് അധ്യാപകർ, കുട്ടികൾ, രക്ഷിതാക്കൾ, വിവിധ സമിതികൾ എന്നിവയുടെ കൂട്ടായ പ്രവർത്തനം വളരെ അത്യാവശ്യമാണ്.

## ആമുഖം

ജീവിതത്തിന്റെ സമസ്തമേഖലകളും അനുനിമിഷവും മാറികൊണ്ടിരിക്കുന്നു. ബോധനശാസ്ത്രം, പഠനമനശാസ്ത്രം എന്നിവയിലെ പുതിയ കണ്ടെത്തലുകളും പ്രായോഗികഅനുഭവങ്ങളും കുറെകൂടി മെച്ചപ്പെട്ട രീതിയിൽ പഠനസാമഗ്രികളുടെ നിർമാണവും പഠനാനുഭവങ്ങളുടെ വിനിമയവും വിലയിരുത്തലും നടത്തുന്നതിന് നമ്മെ പ്രാപ്തരാക്കുന്നു. എല്ലാവിഭാഗം കുട്ടികളുടെയും പഠനപുരോഗതി നാം ലക്ഷ്യം വയ്ക്കുന്നു. പരിസ്ഥിതിയിൽ നിന്നും, നാം ജീവിക്കുന്ന ചുറ്റുപാടിൽനിന്നും കുട്ടിയ്ക്ക് ലഭ്യമാകേണ്ട അടിസ്ഥാനശേഷികളായ നിരീക്ഷണം, അപഗ്രഥനം, താരതമ്യം, വർഗീകരണം, നിഗമനം എന്നി പരിസരപഠനവുമായി ബന്ധപ്പെട്ട അടിസ്ഥാനത്തിശേഷി വികാസത്തിലൂടെ ഓരോ കുട്ടിയെയും പരിസ്ഥിതിയെ സംരക്ഷിക്കുന്നതിനും ഉള്ള മനോഭാവം വ ളർത്തിയെടുക്കാൻ പരിസരപഠനത്തിലൂടെ സജ്ജമാക്കുന്നു. ഇതിനു അനുയോജ്യമായ രീതിയിൽ നമ്മുടെ പാഠ്യപദ്ധതിയെയും, പഠനപ്രക്രിയയെയും മാറ്റിയെടുക്കേണ്ട ആവശ്യകത ഇന്ന് നിലനിൽക്കുന്നു.

## ലക്ഷ്യങ്ങൾ

- നമുക്ക് ചുറ്റുമുള്ള സസ്യങ്ങൾ, ജീവജാലങ്ങൾ എന്നിവയെക്കുറിച്ചുള്ള ധാരണ വളർത്തുന്നു.
- നമുക്ക് ചുറ്റും പലതരത്തിലുള്ള തൊഴിലുകൾ ഉണ്ട് എന്ന് ധാരണ വളർത്തുന്നു.
- നമുക്ക് ചുറ്റും ധാരാളം പൊതുമേഖല സ്ഥാപനങ്ങൾ ഉണ്ട് എന്നാശയം.
- നമ്മുടെ നാടിന്റെ ഭൂപ്രകൃതിയെക്കുറിച്ച് മനസിലാക്കുന്നു.
- നമ്മുടെ നാടും, നാടിന്റെ വികസനനായകൻമ്മാരെക്കുറിച്ചും, നാട് അന്നും ഇന്നും അഭിമുഖങ്ങളിലൂടെ മനസിലാക്കുന്നു.
- സ്വാതന്ത്ര്യസമരകാലഘട്ടത്തെ പ്രവർത്തനങ്ങൾ ICT സാധ്യതയിലൂടെ

മനസിലാക്കുന്നു.

- വ്യക്തിശുചിത്വത്തെക്കുറിച്ച് മനസിലാക്കുന്നു.
- വിവിധ കലാരൂപങ്ങളെക്കുറിച്ച് മനസിലാക്കുന്നു.
- ലഘുപരീക്ഷണങ്ങളിലൂടെ ശാസ്ത്രീയസത്യങ്ങൾ മനസിലാക്കുന്നു.
- ശാസ്ത്രീയ ഉപകരണങ്ങളുടെ നിർമ്മിതി മനസിലാക്കുന്നു.

## പ്രവർത്തനങ്ങൾ

| ക്രമനമ്പർ | ലക്ഷ്യം | പ്രവർത്തനം | കാലയളവ് | സ്രോതസ്സ് | ചുമതല |
|---|---|---|---|---|---|
| 1 | നമുക്ക് ചുറ്റുമുള്ള സസ്യങ്ങൾ, ജീവജാലങ്ങൾ എന്നിവയെക്കുറിച്ചുള്ള ധാരണ വളർത്തുന്നു. | 1. നമുക്ക് ചുറ്റുമുള്ള സസ്യങ്ങളെക്കുറിച്ചുള്ള വീഡിയോ കാണിക്കുന്നു.<br><br>2. ചുറ്റുമുള്ള സസ്യങ്ങളുടെ ലിസ്റ്റ് തയ്യാറാക്കുന്നതിനു പറയുന്നു.<br><br>3. വളരുന്ന രീതിയനുസരിച്ച് പട്ടികപ്പെടുത്തുന്നതിന് പറയുന്നു. (പടരുന്നവ, പടരാത്തവ)<br><br>4. ആഹാരത്തിനു ഉപയോഗിക്കുന്നവ പട്ടികപ്പെടുത്താൻ പറയുന്നു.<br><br>5. ആഹാരരീതിയ്ക്ക് അനുസരിച്ച് പട്ടികപ്പെടുത്താൻ പറയുന്നു. (മാംസാഹാരം, സസ്യാഹാരം)<br><br>6. ഗൃഹോപകരണങ്ങൾക്ക് ഉണ്ടാക്കുന്നതിന് ഉപയോഗിക്കുന്ന സസ്യങ്ങൾ | 4 മാസം | BRC | PTA, അധ്യാപകർ |

<table>
<tr><td></td><td>പട്ടികപ്പെടുത്താൻ പറയുന്നു.<br><br>7. ചുറ്റുമുള്ള ജീവികളുടെ ലിസ്റ്റ് തയ്യാറാക്കുന്നതിന് പറയുന്നു.</td><td></td><td></td><td></td></tr>
<tr><td>നമുക്ക് ചുറ്റും പലതരത്തിലുള്ള തൊഴിലുകൾ ഉണ്ട് എന്ന് ധാരണ വളർത്തുന്നു.</td><td>1. ഓരോരുത്തരുടെയും വീട്ടിലെ അച്ഛനും അമ്മയും എന്ത് പണി ചെയ്യുന്നു എന്ന് ടീച്ചർ ചോദിക്കണം.<br><br>2. ഒരോ തൊഴിലിനെയും തൊഴിൽ ചെയ്യുന്നരീതിയും ICT സാധ്യതയിലൂടെ കാണിക്കുന്നു.<br><br>3. ചുറ്റുപാടും എന്തൊക്കെ തൊഴിലുകൾ ഉണ്ട് എന്ന് ലിസ്റ്റ് ചെയ്യുന്നതിന് പറയണം.<br><br>4. നിങ്ങളുടെ ചുറ്റും ഏത് തൊഴിലിൽ ഏർപ്പെട്ടിരിക്കുന്നവരാണ് കൂടുതൽ എന്നറിയുന്നതിന് ഫോർമാറ്റ് നൽകുന്നു.</td><td></td><td></td><td></td></tr>
<tr><td></td><td><table>
<tr><td>നം.</td><td>പേര്</td><td>ജോലിയുടെ പേര്</td><td>എത്ര കാലം</td><td>റിമാർക്സ്</td></tr>
<tr><td></td><td></td><td></td><td></td><td></td></tr>
</table>ഏത് ജോലിയിലാണ് കൂടുതൽ ആൾക്കാർ ജോലി ചെയ്യുന്നു എന്ന നിഗമനത്തിലെത്തുന്നു.<br><br>5. നിങ്ങൾക്ക് ഏത് ജോലിയാണ് ഇഷ്ടം</td><td></td><td></td><td></td></tr>
</table>

| | | | | | |
|---|---|---|---|---|---|
| | | ഇഷ്ടപ്പെടാനുള്ള കാരണം കുറിപ്പായിട്ട് എഴുതുന്നതിന് പറയുന്നു.<br><br>6. ചരിത്രമാളിക സന്ദർശിക്കൽ.<br><br>7. തൊഴിൽശാലകൾ സന്ദർശിക്കണം.<br><br>8. മൺപാത്രനിർമ്മാണശാല സന്ദർക്കണം.<br><br>9. കയർ വ്യവസായം സന്ദശിക്കണം.<br><br>10. നെയ്ത്ത് കൈത്തറി നിർമ്മാണം.<br><br>11. Flower show field trip to Neyyar Dam. | | | |
| 3. | നമുക്ക് ചുറ്റും ധാരാളം പൊതുമേഖല സ്ഥാപനങ്ങൾ ഉണ്ട് എന്നാശയം. | 1. ഫോർമ്മാറ്റ് ചെയ്തതിൽ ഓരോ ജോലിക്കാരും എവിടെയാണ് ജോലിചെയ്യുന്നത് എഴുതാൻ പറയുന്നു.അതിലൂടെ പൊതുമേഖല സ്ഥാപനത്തിൽ ജോലിചെയ്യുന്നത് ആരാണെന്ന് പറയുന്നു. പൊതുമേഖല സ്ഥാപനങ്ങൾ ലിസ്റ്റ് ചെയ്യുന്നു.<br><br>2. തൊട്ടടുത്തുള്ള പോസ്റ്റ്ഓഫീസ് | | | |

| | | | | | | |
|---|---|---|---|---|---|---|
| | | സന്ദർശിക്കണം. | | | | |
| 4. | നമ്മുടെ നാടിന്റെ ഭൂപ്രകൃതിയെക്കുറിച്ച് മനസിലാക്കുന്നു. | 1. കേരളത്തിൽ പ്രധാനമായും എന്തൊക്കെ ഉണ്ട് എന്ന് ചോദിക്കുന്നു. (കടൽ, കായൽ, നദികൾ)<br><br>2. മലനാട്, ഇടനാട്, തീരപ്രദേശം എന്നിവയടങ്ങിയ സി.ഡി കാണിക്കുന്നു.<br><br>3. ഓരോ പ്രദേശത്ത് ചെയ്യുന്ന തൊഴിലും കൃഷിയും പട്ടികപ്പെടുത്തുന്നതിന് പറയുന്നു.<br><br>4. ഭൂപ്രകൃതിയുടെ പ്രത്യേകതകൾ കുറിപ്പ് തയ്യാറാക്കുന്നതിന് പറയുന്നു. | | | | |
| 5. | ലഘുപരീക്ഷണങ്ങളിലൂടെ ശാസ്ത്രീയ സത്യങ്ങൾ മനസിലാക്കുന്നു. | 1. ഒന്ന് മുതൽ നാല് വരെയുള്ള ക്ലാസ്സുകളിലെ പാഠപുസ്തകത്തിൽ അടങ്ങിയിരിക്കുന്ന ലഘുപരീക്ഷണങ്ങൾ ചുറ്റുപാടും നിന്നുള്ള സാധനസാമഗ്രികൾ ഉപയോഗിച്ച് ലഘുപരീക്ഷണത്തിന് അവസരം ഒരുക്കുന്നു.<br><br>2. ലഘുപരീക്ഷണകിറ്റ് എല്ലാ ക്ലാസിനും ഒരുക്കുന്നു.<br><br>3. കുട്ടികളിൽ നിന്നും, സമീപത്ത് നിന്നും ശേഖരിക്കുന്നതിന് പറയുന്നു. | | | | |

# മലയാളം

## എൽ. പി. വിഭാഗം

## 2025 - 26

# ആസ്വാദനക്കുറിപ്പ്

വിഷയം : മലയാളം

പദ്ധതിയുടെ പേര് : ആസ്വാദനക്കുറിപ്പ്

ആധുനിക സാങ്കേതിക വിദ്യയുടെ വളർച്ചയും, വിദേശ ഭാഷകളുടെ കടന്നു കയറ്റവും മാതൃഭാഷയിൽ വിദ്യാർത്ഥികൾക്കുള്ള പരിജ്ഞാനം കൂടുതൽ ശക്തിപ്പെടുത്തേണ്ടതിന്റെ ആവശ്യകത തിരിച്ചറിഞ്ഞതിന്റെ അടിസ്ഥാനത്തിൽ മലയാളത്തിളക്കം പോലുള്ള പരിപാടികളിലൂടെ എല്ലാ കുട്ടികളിലും അടിസ്ഥാന ഭാഷാശേഷി വികസിപ്പിക്കുന്നതിന് കഴിഞ്ഞിട്ടുണ്ട്. ഈ പരിപാടിയുടെ ചുവടുപിടിച്ചുകൊണ്ട് എല്ലാ യൂണിറ്റുകളുടെയും മൊഡ്യൂളുകളുടെയും വൈകാരിക രൂപങ്ങളുടെയും, പ്രക്രിയാബന്ധിത പഠനത്തിൽ മലയാളത്തിളക്കം പരിപാടിയും കോർത്തിണക്കി കൊണ്ടുള്ള പ്രവർത്തനങ്ങളാണ് ആസൂത്രണം ചെയ്തിരിക്കുന്നത്. അടിസ്ഥാന ഭാഷാശേഷികളിൽ പ്രാവീണ്യം നേടാത്ത ഒരു കുട്ടി പോലും ഉണ്ടാകാൻ പാടില്ല എന്ന ലക്ഷ്യത്തോടെ നടപ്പിലാക്കുന്ന ബൃഹത് പദ്ധതിയാണിത്. മൂന്ന്, നാല് ക്ലാസുകളിൽ കുട്ടികളിൽ കണ്ടെത്തിയ പഠനവിടവിൽ ഏറ്റവും പ്രധാനപ്പെട്ട ഒരു മേഖലയാണ് ആസ്വാദനക്കുറിപ്പ്. പാഠഭാഗം, കഥ, കവിത ഇവയുമായി ബന്ധപ്പെട്ട് ശരിയായ ഘട്ടത്തിലൂടെ ഒരു ആസ്വാദനക്കുറിപ്പ് സാഹിത്യപരമായ രീതിയിൽ ഘടനാ പ്രക്രിയയിൽ

അധിഷ്ഠിതമായി തയ്യാറാക്കി അവതരിപ്പിക്കാൻ കുട്ടിയെ പ്രാപ്തരാക്കുക എന്നതാണ് ഈ പദ്ധതിയുടെ ഉദ്ദേശലക്ഷ്യം.

## *ലക്ഷ്യഗ്രൂപ്പ് : 3, 4 ക്ലാസിലെ കുട്ടികൾ*

### ലക്ഷ്യങ്ങൾ

1. അടിസ്ഥാന ഭാഷാശേഷി ഇല്ലാത്ത ഒരു കുട്ടിപോലും ഇല്ല എന്നുറപ്പു വരുത്തുക.
2. എല്ലാ കുട്ടികളും മാതൃഭാഷയിൽ ഉയർന്ന നിലവാരത്തിലുള്ള ആശയവിനിമയശേഷി ആർജ്ജിക്കുക.
3. സർഗ്ഗാത്മക ശേഷി വികസനത്തിന് അവസരം ഒരുക്കുക.
4. പഠനവിടവ് ഉണ്ടാകാതിരിക്കുന്നതിനു സഹായകമായ സൂക്ഷ്മാസൂത്രണ രീതി വികസിപ്പിക്കുക.
5. ഭാഷാപഠനം മെച്ചപ്പെടുത്തുന്നതിനു സഹായകമായ നൂതനാശയ പ്രവർത്തനങ്ങൾ ആവിഷ്കരിച്ച് നടപ്പിലാക്കുക.
6. പാഠഭാഗാശയങ്ങൾ മലയാളത്തിളക്കവുമായി സമന്വയിപ്പിക്കൽ.
7. വാക്യഭംഗി, ഭാഷാഭംഗി, വിശേഷണം ചേർക്കൽ ഇവയെല്ലാം ബോധ്യപ്പെടുത്തി ആസ്വാദനക്കുറിപ്പ് തയ്യാറാക്കുക.

| കർമ്മപദ്ധതി | പ്രവർത്തനരീതി | കാലയളവ് | ചുമതല |
|---|---|---|---|
| ആസ്വാദനക്കുറിപ്പ് | ■ 3, 4 ക്ലാസുകളിലെ പാഠഭാഗങ്ങളിൽ ആസ്വാദനക്കുറിപ്പ് എന്ന വ്യവഹാര രൂപവുമായി ബന്ധപ്പെട്ട് വരുന്ന പാഠ്യഭാഗങ്ങൾ കണ്ടെത്തുകയും SRG യിൽ ചർച്ച ചെയ്ത് അവയുടെ പട്ടിക തയ്യാറാക്കി അവതരിപ്പിക്കുന്നു. ക്രോഡീകരിക്കുന്നു.<br><br>■ പാഠഭാഗവുമായി ബന്ധപ്പെട്ടത്തി കണ്ടെത്തിയ ആസ്വാദനക്കുറിപ്പിന് സാധ്യതയുള്ള പാഠഭാഗങ്ങൾ പഠനനേട്ടങ്ങൾ ചർച്ച ചെയ്ത് കവിതാഭാഗം, കഥാഭാഗം ഇവ തരം തിരിച്ച് വിശദാംശങ്ങൾ കണ്ടെത്തുന്നു. കണ്ടെത്തിയ വ്യവഹാര രൂപവുമായി ബന്ധപ്പെട്ട ഉള്ളടക്കം, സവിശേഷ പ്രയോഗങ്ങൾ, ശൈലികൾ, ആശയം ഇവയ്ക്ക് എന്തൊക്കെ പ്രാധാന്യം നൽകണം എന്ന് ലിസ്റ്റ് ചെയ്യുന്നു.<br><br>■ ആസ്വാദനക്കുറിപ്പിന് ഏതൊക്കെ ഘട്ടങ്ങൾ ഉണ്ടെന്ന് കണ്ടെത്തി വ്യക്തതയോടെ തയ്യാറാക്കിയ ആസ്വാദനക്കുറിപ്പുകളുടെ മാതൃക വിവിധ പുസ്തകങ്ങൾ, മാസികകൾ, ആനുകാലിക പ്രസിദ്ധീകരണങ്ങൾ | | |

| | | | |
|---|---|---|---|
| | ഇവയിൽ നിന്നും കണ്ടെത്തി<br>ശേഖരിക്കുന്നു.<br><br>■ ശേഖരിച്ച ആസ്വാദനക്കുറിപ്പുകളുടെ മാതൃക ക്ലാസിൽ അവതരിപ്പിക്കുന്നു, കുട്ടികളെ പരിചയപ്പെടുത്തുന്നു.. കുട്ടികൾ ഇത്തരം ആസ്വാദനക്കുറിപ്പുകൾ വായിക്കുകയും അതിലെ ശൈലികൾ, പദങ്ങൾ, ആസ്വാദനശേഷി, കവിത, കഥ, ഇഷ്ടപ്പെടാനുള്ള കാരണം, ആശയം, ഇഷ്ടപ്പെട്ട വരികൾ, ഒരേ താളത്തിലും ഈണത്തിലും ഉള്ള വരികൾ കവിതയുടെ അലങ്കാരിത ഇത്തരം കാര്യങ്ങൾ ചർച്ച ചെയ്യുകയും കണ്ടെത്തിയ പ്രത്യേകതകൾ ക്ലാസിൽ അവതരിപ്പിക്കുകയും ചെയ്യുന്നു.<br><br>■ ആസ്വാദനക്കുറിപ്പ് തയ്യാറാക്കാൻ സാധ്യതയുള്ള പാഠഭാഗങ്ങളുമായി ബന്ധപ്പെട്ട് ലിസ്റ്റ് ചെയ്ത പ്രവർത്തനങ്ങൾ കുട്ടികൾക്ക് നൽകുന്നു. സ്വയം ആസ്വാദനക്കുറിപ്പ് തയ്യാറാക്കി ഗ്രൂപ്പിൽ ചർച്ച ചെയ്ത് മെച്ചപ്പെടുത്തിയ കുറിപ്പുകൾ ക്ലാസിൽ അവതരിപ്പിക്കുന്നു.<br><br>■ ആസ്വാദനക്കുറിപ്പ് എന്ന വ്യവഹാര രൂപം | | |
| | | | |

ഉറപ്പിക്കുന്നതിനായി 3, 4
ക്ലാസിലെ കുട്ടികൾക്കായി
ശില്പശാല നടത്തുകയും, കൂടുതൽ
കുറിപ്പുകൾ തയ്യാറാക്കാൻ
അവസരം നൽകുകയും, എഴുതി
തയ്യാറാക്കുന്ന കുറിപ്പുകൾ ചേർത്ത്
പതിപ്പ് തയ്യാറാക്കുകയും ചെയ്യുന്നു.
മലയാളം അധ്യാപകന്റെ
നേതൃത്വത്തിൽ വേണ്ട
നിർദ്ദേശങ്ങൾ നൽകുന്നു.

- ആസ്വാദനക്കുറിപ്പ് എല്ലാ കുട്ടികൾ
ക്കും ശരിയായ രീതിയിൽ
കൈകാര്യം ചെയ്യാൻ കഴിയുന്ന
വിധത്തിൽ പ്രതീക്ഷിത
ലക്ഷ്യത്തിൽ എത്തിച്ചേരുന്നു.

| | | |
|---|---|---|
| • കുട്ടികളും രക്ഷിതാക്കളും ചേർന്ന് എഴുതുന്ന സംയുക്ത ഡയറി ഈ വർഷത്തെ പ്രത്യേകതയാണ്. കുട്ടികൾ അവരുടെ ഓരോ ദിവസത്തെയും പ്രധാനപ്പെട്ട കാര്യങ്ങൾ രക്ഷിതാക്കളോട് പങ്കുവയ്ക്കുകയും അവ ഡയറിയിൽ എഴുതുകയും ചെയ്യുന്നു. ഒപ്പം അതുമായി ബന്ധപ്പെട്ട ചിത്രം കുട്ടികൾ വരച്ച് നിറം നൽകുകയും ചെയ്യുന്നു. എഴുതുന്ന ഘട്ടത്തിൽ കുട്ടികൾ അവർക്കറിയാവുന്ന അക്ഷരങ്ങളും അവർക്ക് എഴുതാനറിയാത്ത അക്ഷരങ്ങളും ചിഹ്നങ്ങളും രക്ഷകർത്താക്കളും എഴുതി ചേർക്കുന്നു.<br>• പ്രവർത്തന പുസ്തകം കുഞ്ഞെഴുത്ത് എന്ന പേരിൽ ഒന്നാം ക്ലാസിൽ ഒരു ക്ലാസിൽ ഒരു പ്രവർത്തന പുസ്തകം ഈ വർഷം മുതൽ ചെയ്യുന്നു. ഇത് കുട്ടിയുടെ ശ്രവണ, ഭാഷണ, ലേഖന, വായന പ്രക്രിയയെ സഹായിക്കുന്നു.<br>• കഥാവേള - കുട്ടികൾ സ്വന്തമായി കഥകൾ നിർമ്മിക്കുകയും പറയുകയും ചെയ്യുന്നു.<br>• പാട്ടരങ്ങ് - പാട്ടുകൾ ഈണത്തിലും താളത്തിലും അവതരിപ്പിക്കുന്നു. സ്വന്തമായി ചെറുപാട്ടുകൾ തയ്യാറാക്കുന്നു.<br>• വായനാക്കൂട് നിർമ്മാണം - സ്കൂളിലും വീട്ടിലും. | | |

# ENGLISH

## L. P SECTION

## 2025 – 26

## ഇംഗ്ലീഷ് ഭാഷ ദൃശ്യാവിഷ്കരണത്തിലൂടെ

വിഷയം : ഇംഗ്ലീഷ്

മേഖല : ഇംഗ്ലീഷ് ഭാഷ ദൃശ്യാവിഷ്കാരണത്തിലൂടെ അവതരിപ്പിക്കൽ

ഉപമേഖല : പാഠഭാഗവുമായി ബന്ധപ്പെട്ട പ്രധാന ദൃശ്യാവിഷ്കാര സാധ്യതയുള്ള ഭാഗങ്ങൾ കണ്ടെത്തി മൊഡ്യൂൾ രൂപീകരിച്ച് അവതരിപ്പിക്കൽ

ലക്ഷ്യങ്ങൾ

- ഇംഗ്ലീഷ് ഭാഷ അനായാസം സംസാരിക്കാനും ആശയവിനിമയം സാധ്യമാക്കുന്നതിനും.
- കോറിയോഗ്രാഫി, മൈം എന്നിവയുടെ സാധ്യത പാഠഭാഗവുമായി ബന്ധപ്പെട്ട ആശയങ്ങൾ കണ്ടെത്തി സ്ക്രിപ്റ്റ് തയ്യാറാക്കി കുട്ടികൾക്ക് പരിശീലനം നൽകുകയും, പി.റ്റി.എ, പൊതുവേദികൾ എന്നിവിടങ്ങളിൽ അവതരിപ്പിക്കുന്നു.
- ലഘുനാടകം, സ്കിറ്റ് എന്നിവയുടെ പരിശീലനവും അവതരണവും സാധ്യമാക്കുക.
- കഥാസന്ദർഭത്തിനനുസരിച്ച് കോറിയോഗ്രാഫി അവതരിപ്പിക്കുന്നതിന്.
- ഇംഗ്ലീഷ് ഭാഷ അനായാസം കൈകാര്യം ചെയ്യുന്നതിനായി നിത്യജീവിതവുമായി ബന്ധപ്പെട്ട പഠനസന്ദർഭങ്ങൾ സംഭാഷണരൂപത്തിൽ അവതരിപ്പിക്കുന്നു.
- ICTE സാധ്യത ഉപയോഗിച്ച് ഇംഗ്ലീഷിലെ ഷോർട്ട് ഫിലിം, റൈംസ്,

വാർത്തകൾ, അഭിമുഖം ഇവ കാണുന്നതിനും ആശയങ്ങൾ മനസ്സിലാക്കുന്നതിനുമുള്ള അവസരം സൃഷ്ടിക്കുന്നു.

- Communicative English പരിശീലനത്തിലൂടെ ഇംഗ്ലീഷ് ഭാഷ കൃത്യതയോടെയും, ഉച്ചാരണശുദ്ധിയോടെയും സംസാരിക്കാനും, വിനിയോഗം നടത്തുന്നതിനും.

## അവസ്ഥാവിശകലനം

ഇംഗ്ലീഷ് ഭാഷവിനിയോഗം ചെയ്യുന്നതിൽ കുട്ടികൾക്ക് പൊതുവെ ബുദ്ധിമുട്ട് അനുഭവപ്പെടുന്നുണ്ട്. ഇംഗ്ലീഷ് ഭാഷ സംസാരിക്കുന്നതിനും, ആശയവിനിമയം ചെയ്യുന്നതിനും, കൂടുതൽ പരിശീലനവും, നൂതന രീതികളുടെ അവതരണവും ആവശ്യമാണ്. പാഠഭാഗവുമായി ബന്ധപ്പെട്ട മേഖലകളുടെ ദൃശ്യാവിഷ്കാരം കുട്ടികളിൽ ഭാഷ ഉപയോഗിക്കുന്നതിന് കൂടുതൽ താല്പര്യം സൃഷ്ടിക്കും.

## പ്രക്രിയ

- ഒന്നുമുതൽ നാലുവരെയുള്ള ക്ലാസ്സുകളിലെ പാഠഭാഗവുമായി ബന്ധപ്പെടുത്തി മൈം, സ്കിറ്റ് എന്നിവയ്ക്ക് സാധ്യതയുള്ള പാഠഭാഗങ്ങൾ കണ്ടെത്തി സ്കിറ്റ് തയ്യാറാക്കുകയും, കുട്ടികളുടെ നേതൃത്വത്തിൽ സംഭാഷണം, കഥാപാത്രങ്ങൾ എന്നിവ രൂപീകരിക്കുകയും, പരിശീലനം നൽകുകയുംചെയ്യുന്നു.
- കുട്ടികൾ പരിശീലനം നേടുന്ന ദൃശ്യരൂപങ്ങളുടെ അവതരണം പി.റ്റി.എ യോഗം, മറ്റ് അനുബന്ധപരിപാടികൾ എന്നിവയിൽ അവതരിപ്പിക്കുന്നു. ഇംഗ്ലീഷ് ഫെസ്റ്റ് സംഘടിപ്പിക്കുകയും ഇംഗ്ലീഷ് ഭാഷയുമായി ബന്ധപ്പെട്ട കുട്ടികളുടെ സർഗ്ഗാത്മക ശേഷികൾ

അവതരിപ്പിക്കുന്നതിനും, പരിശീലിപ്പിക്കുന്നതിനുമുള്ള അവസരം സൃഷ്ടിക്കുന്നു.

- ICTE സഹായത്തോടെ Communicative English CD ഉപയോഗിച്ച് ക്ലാസ്സ് നൽകുകയുംഇംഗ്ലീഷ് സംസാരിക്കാനും നിത്യജീവിതവുമായി ബന്ധപ്പെട്ട് ആശയവിനിമയം നടത്തുന്നതിനുള്ള പരിശീലനം നൽകുന്നു.
- ICTE സാധ്യത ഉപയോഗിച്ച്Short film, Skit, Rhyme, ലഘുനാടകങ്ങൾ, അഭിമുഖം എന്നിവ കാണുന്നതിനും, ആസ്വദിക്കുന്നതിനും, ഭാഷപ്രാവീണ്യം നേടുന്നതിനുമുള്ള പ്രവർത്തനങ്ങൾ നൽകുന്നു. ഈ അറിവിന്റെ വെളിച്ചത്തിൽ പാഠഭാഗവുമായി ബന്ധപ്പെടുത്തി ഡോക്യുമെന്ററി, ലഘുനാടകങ്ങൾ, സ്കിറ്റ് ഇവ സ്വയം തയ്യാറാക്കുന്നതിന് ഉള്ള ശേഷി വികാസം കുട്ടികളിൽ ഉണ്ടാക്കുന്നു.
- ഇംഗ്ലീഷ് ഭാഷയുമായി ബന്ധപ്പെട്ട രചനാമത്സരങ്ങൾ നടത്തുകയും മികച്ച രചനകൾ കണ്ടെത്തി സ്കൂൾതല മാഗസിനിൽ പ്രസിദ്ധീകരിക്കുകയും ചെയ്യുന്നു.
- ഇംഗ്ലീഷ് ദിനാചരണം, ഇംഗ്ലീഷ് ഫെസ്റ്റ് എന്നിവ സംഘടിപ്പിക്കുകയും കുട്ടികൾ നേടുന്ന ശേഷികൾ, ലഘുനാടകങ്ങൾ, സ്കിറ്റ്, രചനാരൂപങ്ങൾ, കാർട്ടൂൺ എന്നിവയുടെ പ്രദർശനം, മാഗസിൻ പ്രകാശനം എന്നിവ PTA, SMC എന്നിവയുടെ നേതൃത്വത്തിലും, പൊതുജനപങ്കാളിത്തത്തോടെയും, അവതരിപ്പിക്കുന്നു.

# ഗണിതം

## എൽ. പി. വിഭാഗം

2025 - 26

# ക്ലാസ് ഗണിതലാബ് ശില്പശാല
## (ഗണിത രൂപങ്ങൾ)

**വിഷയം : ഗണിതം**

***പദ്ധതിയുടെ പേര് : ഗണിതരൂപങ്ങൾ***

## ആമുഖം

പൊതുവിദ്യാഭ്യാസ സംരക്ഷണ യജ്ഞത്തിലൂടെ ശക്തിയാർജ്ജിച്ച പൊതുവിദ്യാലയങ്ങൾ ഇന്ന് ക്ലാസ് തല, യൂണിറ്റ് തല കർമ്മപദ്ധതികൾ തയ്യാറാക്കി മികവിന്റെ നിറവിലേക്ക് ചിറക് വിരിക്കുമ്പോൾ പഠിതാക്കളിൽ ഓരോ വിഷയത്തിലും മുൻപന്തിയിൽ എത്തിക്കുക എന്ന ലക്ഷ്യത്തോടെ പരിപാടികൾ ആസൂത്രണം ചെയ്യുന്നു. ഗണിതപഠനം ആസ്വാദ്യകരമാക്കുന്നതിന്റെ ഭാഗമായി നടപ്പാക്കാനുദ്ദേശിക്കുന്ന പദ്ധതിയാണ് ഗണിത രൂപങ്ങൾ എന്ന ശില്പശാല. ചുറ്റുപാടുനിന്നും ലഭിക്കുന്ന വസ്തുക്കളിൽ ഏതൊക്കെ ഗണിതരൂപങ്ങൾ ദൃശ്യമാകുന്നു എന്ന് ചിത്രീകരിക്കുകയും കുട്ടികളെ പരിചയപ്പെടുത്തുകയും ചെയ്യുന്നു. രക്ഷിതാക്കളുടെ പങ്കാളിത്തത്തോടെ ഗണിത ശില്പശാല സംഘടിപ്പിക്കുന്നതിലൂടെ വിദ്യാലയവും സമൂഹവും തമ്മിലുള്ള പങ്കാളിത്തം ഉറപ്പാക്കുന്നതിനും വിദ്യാലയത്തെ സമൂഹത്തോട് അടുപ്പിക്കുന്നതിനും സാധിക്കുന്നു.

## ലക്ഷ്യങ്ങൾ

ഗണിതപഠനത്തിന് ആവശ്യമായ പഠനോപകരണങ്ങൾ നിർമ്മിക്കുക.

ഗണിതലാബ് ശില്പശാലയിൽ രക്ഷിതാക്കളെ പങ്കെടുപ്പിക്കുന്നതിലൂടെ അക്കാദമിക പ്രവർത്തനങ്ങളിൽ സമൂഹപങ്കാളിത്തം ഉറപ്പാക്കുക.

ഗണിത രൂപങ്ങളുടെ മാതൃക നിർമ്മിക്കുകയും പരിചയപ്പെടുകയും ചെയ്യുന്നു.

ഗണിത ശേഷികൾ, ആശയങ്ങൾ ഇവയിൽ ധാരണ നേടുന്നതിന്.

ഗണിത പഠനത്തിലും പ്രവർത്തനത്തിലും രക്ഷിതാക്കളുടെ പങ്കാളിത്തം ഉറപ്പുവരുത്തുന്നു.

ഗണിത രൂപങ്ങൾ നിർമ്മിക്കുന്നതിലൂടെ ഗണിതാശയങ്ങൾ രസകരമായ രീതിയിൽ സ്വായത്തമാക്കുന്നു.

**ലക്ഷ്യഗ്രൂപ്പ് :1- 4 ക്ലാസിലെ കുട്ടികൾ**

| കർമ്മപദ്ധതി | പ്രവർത്തന സൂചനകൾ | കാലയളവ് | ചുമതല |
|---|---|---|---|
| | ഗണിത ലാബിലേക്ക് ആവശ്യമായ പഠനോപകരണങ്ങൾ കണ്ടെത്തി പട്ടികപ്പെടുത്തി SRG യിൽ അവതരിപ്പിക്കുന്നു, ക്രോഡീകരിക്കുന്നു.<br><br>ഗണിത ലാബ് ശില്പശാല പി.ടി.എ, എസ്.എം.സി എന്നിവയുടെ യോഗം ചേർന്ന് ആസൂത്രണം ചെയ്യുന്നു.<br><br>ശില്പശാലയ്കാനശ്യമായ അസംസ്കൃത വസ്തുക്കൾ, | | |

സാമഗ്രികൾ വാങ്ങൽ, RP യെ നിശ്ചയിക്കൽ, രക്ഷിതാക്കൾ, പൂർവ്വ വിദ്യാർത്ഥികൾ എന്നിവരുടെ പങ്കാളിത്തം ഉറപ്പാക്കുകയും അവരുടെ സഹായം അഭ്യർത്ഥിക്കുകകയും ചെയ്യുന്നു.

ശില്പശാല സംഘടിപ്പിക്കുന്നു. അതിനുള്ള നേതൃത്വം SRGകൺവീനർ നൽകുന്നു.

നിർമ്മിച്ച ഉപകരണങ്ങളും വാങ്ങിയ സാമഗ്രികളും ചേർത്ത് ക്ലാസ് ഗണിതലാബ് സജ്ജീകരിക്കുന്നു.

ക്ലാസ് തല ഗണിതലാബിന്റെ ഉദ്ഘാടനം നടത്തുന്നു. കുട്ടികൾ തന്നെ ഉദ്ഘാടകരായും മാറുന്നു. ഇതിലൂടെ കുട്ടികളുടെ നേതൃപാടവം, സമൂഹപങ്കാളിത്തം ഇവ ഉറപ്പിക്കാൻ കഴിയുന്നു.

ചുറ്റുപാടുമുള്ള വസ്തുക്കളിൽ നിന്നും ഗണിത രൂപങ്ങൾ കുട്ടികൾ തിരിച്ചറിയുന്നു.

| | | | | |
|---|---|---|---|---|
| | പേപ്പര്, ചാര്ട്ട് ഇവ ഉപയോഗിച്ച് ഗണിത രൂപങ്ങള് നിര്മ്മിക്കുന്നു.<br><br>വീട്ടില് ലഭിക്കുന്ന വസ്തുക്കള് ശേഖരിച്ച് ഗണിത രൂപങ്ങള് നിര്മ്മിക്കുന്നു. (സോപ്പ് കവര്, പേസ്റ്റ് കവര്, തീപ്പെട്ടി കവര്, പൈപ്പ് കഷണം)<br><br>കമ്പ്, ഈര്ക്കില്, നൂല് ഇവ ഉപയോഗിച്ച് ഗണിതക്രിയ, രൂപങ്ങള് എന്നീ ആശയങ്ങള് ഉറപ്പിക്കുന്നു. | | | |

# പരിസരപഠനം

## എൽ. പി. വിഭാഗം

## 2025 - 26

# ഔഷധത്തോട്ട നിർമ്മാണം

വിഷയം : പരിസരപഠനം

*പദ്ധതിയുടെ പേര്: ഔഷധത്തോട്ട നിർമ്മാണം*

## ആമുഖം

പരിസ്ഥിതി ബന്ധിതവും ശിശുകേന്ദ്രീകൃതവും പ്രകൃതിക്ക് ഇണങ്ങിയതുമായ രീതിയിൽ നമ്മുടെ വിദ്യാഭ്യാസ സമ്പ്രദായത്തെ മാറ്റിയെടുക്കേണ്ടത് ആധുനിക സമൂഹത്തിന്റെ വെല്ലുവിളിയാണ്. എല്ലാ കുട്ടികളിലും നിർദ്ദിഷ്ട ശാസ്ത്രആശയങ്ങളും നൈപുണികളും വികസിക്കും വിധത്തിൽ പഠനവിടവില്ലാതെ പഠനപ്രവർത്തനം ആസൂത്രണം ചെയ്ത് നടപ്പിലാക്കണം. ഇതിനായി വിദ്യാലയത്തിന്റെ പ്രാദേശിക വിഭവങ്ങൾ പരമാവധി പ്രയോജനപ്പെടുത്തേണ്ടതുണ്ട്. അറിവിലും കഴിവിലും മനോഭാവത്തിലും മൂല്യങ്ങളിലും ലോകത്തെ ഏതു പ്രദേശത്തെയും കുട്ടിയോടും കിടപ്പിടിക്കുന്ന നിലവാരമുള്ള വിദ്യാർത്ഥികളാണ് നമ്മുടെ ലക്ഷ്യം. ഈ ലക്ഷ്യം കൈവരിക്കുന്നതിന് ഒത്തിരി പദ്ധതികൾ ആസൂത്രണം ചെയ്തിട്ടുണ്ട്. പഞ്ചേന്ദ്രിയ പ്രവർത്തനങ്ങളിലൂടെ ശാസ്ത്രീയ തത്വങ്ങളും, നിരീക്ഷണപാടവവും വളർത്തിയെടുക്കാൻ കഴിയണം.

നമ്മുടെ ചുറ്റുപാടും ഔഷധസസ്യങ്ങളുടെ കലവറ തന്നെയുണ്ട്. ഇവയുടെ ഉപയോഗം, പരിപാലനം, ആരോഗ്യപരിപാലന രംഗത്ത് ഇവയുടെ സാധ്യത തുടങ്ങിയവയിൽ കുട്ടികൾക്ക് ധാരണ ലഭിക്കേണ്ടതിന്റെ ആവശ്യകത മുൻനിർത്തിയാണ് ഔഷധത്തോട്ട നിർമ്മാണം എന്ന പദ്ധതിക്ക് തുടക്കം കുറിക്കുന്നത്.

*ലക്ഷ്യഗ്രൂപ്പ്: 1 മുതൽ 4 വരെയുള്ള ക്ലാസിലെ കുട്ടികൾ*

## ലക്ഷ്യങ്ങൾ

1) പഞ്ചേന്ദ്രിയങ്ങൾ ഉപയോഗിച്ച് ചുറ്റുപാടുമുള്ള ഓരോന്നിനെയും നിരീക്ഷിച്ച് വിശകലനം ചെയ്ത് ഊഹങ്ങളും നിഗമനങ്ങളും രൂപീകരിച്ച് പ്രകൃതിയിൽ ഇടപ്പെടാൻ കുട്ടിയെ പ്രാപ്തനാക്കുന്നു.
2) ഓരോ കുട്ടിക്കും പരിസരത്തിന്റെ പഠനനേട്ടങ്ങൾ ഉറപ്പിക്കുന്നതിവാശ്യമായ സാഹചര്യങ്ങൾ ഒരുക്കുക.
3) ഔഷധത്തോട്ട സസ്യങ്ങളുടെ ശേഖരണം, നടീൽ, പരിപാലനം, സംരക്ഷണം ഇവയിൽ ധാരണ ഉണ്ടാകുന്നു.
4) ചുറ്റുപാടുമുള്ള ഔഷധസസ്യങ്ങളുടെ പേര്, ഉപയോഗം ഔഷധമായി ഉപയോഗിക്കുന്നതു കൊണ്ടുള്ള ഗുണങ്ങൾ ഇവ തിരിച്ചറിയുന്നതിനും ധാരണ ഉറപ്പിക്കുന്നതിനും.
5) ഔഷധസസ്യങ്ങളുടെ പേര്, ഉപയോഗം, ചിത്രം ഇവ ശേഖരിക്കുന്നതിനും പതിപ്പ് നിർമ്മാണം നടത്തുന്നതിനും.

| കർമ്മപദ്ധതി | പ്രവർത്തനരീതി | കാലയളവ് | ചുമതല |
|---|---|---|---|
| | ☆ ഔഷധത്തോട്ട നിർമ്മാണത്തിനായി സ്കൂൾ പരിസരത്ത് അനുയോജ്യമായ സ്ഥലം കണ്ടെത്തുന്നു. സ്ഥലം ഒരുക്കുന്നു. ഔഷധസസ്യങ്ങളുടെ ലിസ്റ്റ് തയ്യാറാക്കുന്നു.<br><br>☆ 1 മുതൽ 4 വരെ ക്ലാസുകളിലെ പാഠപുസ്തകങ്ങളിൽ സൂചിപ്പിക്കുന്ന ഔഷധസസ്യങ്ങളുടെ പട്ടിക തയ്യാറാക്കുകയും അവയിൽ നിന്നും ശേഖരിക്കാൻ പറ്റുന്ന സസ്യങ്ങൾ ശേഖരിക്കുകയും | | |

| | | | |
|---|---|---|---|
| | നട്ടുകയും ചെയ്യുന്നു.<br><br>☆ ഓരോ കുട്ടിയും ഓരോ സസ്യം കവറിൽ നട്ട് സ്കൂളിലേക്ക് കൊണ്ടു വരുന്നതിന് നിർദ്ദേശം നൽകുകയും അവ സ്കൂളിലെ ഔഷധത്തോട്ടത്തിൽ പരിപാലിക്കുകയും ചെയ്യുന്നു.<br><br>☆ സാമൂഹിക പങ്കാളിത്തം ഉറപ്പാക്കുന്നതിലേക്കായി PTA, SMC രക്ഷിതാക്കൾ എന്നിവയുടെ യോഗത്തിൽ വിഷയം അവതരിപ്പിക്കുകയും അവരുടെ സഹായം ഉറപ്പാക്കുകയും പങ്കാളിത്തത്തോടെ ഔഷധത്തോട്ട പ്രവർത്തനങ്ങൾ വിപുലീകരിക്കുകയും ചെയ്യുന്നു.<br><br>☆ ഔഷധ സസ്യങ്ങളുടെ പേര് എഴുതിയ കാർഡുകൾ ടൈപ്പ് ചെയ്യുകയും ലാമിനേറ്റ് ചെയ്തു ഓരോ സസ്യത്തിന്റെ മുന്നിൽ പ്രദർശിപ്പിക്കുകയും ചെയ്യുന്നു.<br><br>☆ ഔഷധ സസ്യങ്ങളുടെ പേര്, ഉപയോഗം ഇവ പട്ടികപ്പെടുത്തുകയും അസംബ്ലിയിൽ അവതരിപ്പിക്കുകയും ചെയ്യുന്നു. | | |
| | | | |

☆ വിദ്യാർത്ഥികൾ ഔഷധത്തോട്ടം നിരീക്ഷിക്കുകയും നിരീക്ഷണ റിപ്പോർട്ട് തയ്യാറാക്കി അവതരിപ്പിക്കുകയും ചെയ്യുന്നു.

☆ ഔഷധ സസ്യങ്ങളുടെ ഇലകൾ ശേഖരിച്ച് ആൽബം തയ്യാറാക്കുന്നു.

☆ ഔഷധ സസ്യങ്ങളുടെ പേര്, ചിത്രം, വിവരണം, ഉപയോഗം, ഔഷധഗുണം ഇവ രേഖപ്പെടുത്തി പതിപ്പ് നിർമ്മിക്കുന്നു. ICTE സാധ്യത ഉപയോഗിച്ച് ഔഷധ സസ്യങ്ങളെ കുറിച്ചുള്ള സിഡി പ്രദർശിപ്പിക്കുന്നു. പഠനനേട്ടം ദൃശ്യരൂപത്തിൽ കുട്ടികളുടെ മുമ്പിൽ അവതരിപ്പിക്കുകയും അവബോധം സൃഷ്ടിക്കുകയും ചെയ്യുന്നു.

☆ ഔഷധ സസ്യങ്ങളുടെ ഡോക്യുമെന്ററി പ്രദർശനം, പവർപോയിന്റ് പ്രസന്റേഷൻ ഇവ നടത്തുന്നു.

☆ ഔഷധ സസ്യങ്ങളുമായി ബന്ധപ്പെട്ട പുസ്തകങ്ങൾ ശേഖരിക്കുകയും ക്ലാസിൽ പരിചയപ്പെടുകയും ചെയ്യുന്നു.

☆ ലഘുപരീക്ഷണങ്ങളിൽ ഏർപ്പെടൽ കൊണ്ട് ചുറ്റുപാടുമുള്ള

| | | | |
|---|---|---|---|
| | പക്ഷികൾ, മുട്ടകൾ, തുവലുകൾ, ജീവികൾ എന്നിവയിലൂടെ വിവിധ പരീക്ഷണങ്ങളിൽ ഏർപ്പെടാനവസരം നൽകുന്നു. | | |
| ✓ | ☆ ചുറ്റുപാടുമുള്ള പൂക്കൾ സന്ദർശിച്ചും അതുകൊണ്ടുള്ള ജീവികൾക്കുള്ള പ്രയോജനങ്ങൾ മനസിലാക്കാനും അവസരം ഒരുക്കുന്നു. | | |

# ജൈവവൈവിധ്യ ഉദ്യാനം

## എൽ. പി. വിഭാഗം

## 2025 - 26

# ജൈവവൈവിധ്യ ഉദ്യാനം

## എൽ. പി. വിഭാഗം

2025 - 26

# ജൈവവൈവിധ്യ ഉദ്യാനം

## ആമുഖം

ശാസ്ത്രപഠനവുമായി ബന്ധപ്പെട്ട് വികസിച്ച വരേണ്ട എല്ലാ ശേഷികളും ശാസ്ത്രീയമായ അന്വേഷണത്തിൽ അധിഷ്ഠിതമാണ്. പ്രവർത്തനാധിഷ്ഠിതവും, അന്വേഷണാത്മകവും ആശയപഠനത്തിൽ ഓരോ കുട്ടിക്കും പങ്കുണ്ടായിരിക്കണം. ശാസ്ത്രപഠനപ്രവർത്തനങ്ങൾ പഠനപ്രശ്നങ്ങൾ രസകരമായ വെല്ലുവിളിയുയർത്തും വിധം കുട്ടിയുടെ മുന്നിൽ അവതരിപ്പിച്ച് അവരുടെ ചിന്തയെ ഉത്തേജിപ്പിക്കണം. പഞ്ചേന്ദ്രിയങ്ങളിലൂടെ പ്രക്രിയാശേഷികൾ വികസിപ്പിക്കുകയാണ് ശാസ്ത്രപഠനം. കുട്ടിക്ക് തന്റെ പരിസരത്തെ അന്വേഷിച്ചറിയാനും താൻ വസിക്കുന്ന പ്രദേശത്തെ അൽഭുതമായ കാഴ്ചകൾ കണ്ടറിയാനും അതിലെ ശാസ്ത്രീയ തത്വങ്ങൾ കണ്ടെത്താനും കുട്ടിക്ക് കഴിയണം. 1 മുതൽ 4 വരെ ക്ലാസിലെ പരിസരപഠനപുസ്തകത്തിലെ ഒന്നാമത്തെ യൂണിറ്റിലെ ആശയങ്ങൾ, ധാരണകൾ ഇവ നേടണമെങ്കിൽ വിദ്യാലയപരിസരവുമായി ബന്ധപ്പെട്ട് ധാരാളം നൈപുണികൾ, മനോഭാവങ്ങൾ ഇവ ആർജ്ജിക്കേണ്ടതുണ്ട്. ഇതിനായി വൈവിധ്യമാർന്ന സസ്യങ്ങൾ നട്ടും നനച്ചും പരിപാലിക്കുന്നതിനും പരീക്ഷണ നിരീക്ഷണങ്ങളിലൂടെ ശാസ്ത്രീയതത്വങ്ങൾ ഗ്രഹിക്കുന്നതിനും അവസരം ഉണ്ടാകണം. ഇത്തരം പഠനത്തിന് സഹായകമാകണം നമ്മുടെ ജൈവവൈവിധ്യ ഉദ്യാനം.

***ലക്ഷ്യഗ്രൂപ്പ്: 1 മുതൽ 4 വരെ ക്ലാസിലെ കുട്ടികൾ***

## ലക്ഷ്യങ്ങൾ

1) നിരീക്ഷണ പരീക്ഷങ്ങളിലൂടെ നിഗമനത്തിലെത്തുന്നു. ശാസ്ത്രീയ രീതി സ്വായത്തമാക്കാനുള്ള ഇടമായി ജൈവവൈവിധ്യ ഉദ്യാനത്തെ മാറ്റിയെടുക്കുക.

2) ഓരോ കുട്ടിക്കും പഠനനേട്ടം ഉറപ്പാക്കാൻ ആവശ്യമായ പഠനവസ്തുക്കൾ സ്കൂൾ പരിസരത്തു തന്നെ ലഭ്യമാക്കുക.
3) കുട്ടികൾക്ക് നേരിട്ടുള്ള പഠനം ലഭ്യമാക്കുക.
4) പ്രകൃതിയെ സ്വയം പഠിക്കാനും ഫലപ്രദമായി ഉപയോഗപ്പെടുത്താനും കഴിയുക.
5) പഠനോപകരണങ്ങളുടെ ലഭ്യത ഉറപ്പാക്കുക.
6) പരിസ്ഥിതി സംരക്ഷണ പ്രവർത്തനങ്ങളിൽ പങ്കാളികളാവുക.
7) ശാസ്ത്രീയ നിരീക്ഷണപാടവം കുട്ടികളിൽ വളർത്തുക.

| കർമ്മപദ്ധതി | പ്രവർത്തനരീതി | കാലയളവ് | ചുമതല |
|---|---|---|---|
| യൂണിറ്റ് ഗ്രിഡ് വികസിപ്പിക്കൽ | ജൈവവൈവിധ്യ ഉദ്യാനത്തിന്റെ ക്ലാസ് റൂം സാധ്യതകൾ കണ്ടെത്തി പട്ടിക തയ്യാറാക്കി ക്രോഡീകരിക്കുന്നു. SRG ൽ ചർച്ച ചെയ്തു ക്ലാസ് റൂം സാധ്യതക്കനുസരിച്ച് തരം തിരിക്കുന്നു. പട്ടിക വികസിപ്പിക്കുന്നു. | | |
| ജൈവവൈവിധ്യ ലിസ്റ്റ് തയ്യാറാക്കൽ | 1 മുതൽ 4 വരെ ക്ലാസുകളിലെ ഒന്നാം യൂണിറ്റിലെ പാഠഭാഗം പരിശോധിച്ച് ജൈവ വൈവിധ്യ ഉദ്യാനത്തിൽ നിലവിലുള്ളതും പുതുതായി തയ്യാറാക്കേണ്ടതുമായ ജൈവവൈവിധ്യ സസ്യങ്ങളുടെ ലിസ്റ്റ് തയ്യാറാക്കുന്നു. കുറ്റിച്ചെടികൾ, വള്ളിച്ചെടികൾ, മരങ്ങൾ ഇവയുമായി ബന്ധപ്പെട്ട് ലിസ്റ്റ് വിപുലീകരിക്കുന്നു. | | |

| | | | |
|---|---|---|---|
| ജൈവവൈവിധ്യ ഉദ്യാന വിപുലീകരണ ശില്പശാല | പ്രാദേശിക പങ്കാളിത്തം ഉറപ്പാക്കുന്നതിനായി PTA, SMC, പൂർവ്വവിദ്യാർത്ഥി സംഘടന സാമൂഹ്യപ്രവർത്തകർ, രക്ഷിതാ പരിസ്ഥിതി പ്രവർത്തകർ എന്നിവരുടെ സഹായത്തോടെ ശില്പശാല സംഘടിപ്പിക്കുകയും ജൈവവൈവിധ്യ ഉദ്യാനം മെച്ചപ്പെടുത്തൽ വിപുലീകരിക്കൽ, പരിപാലനം എന്നിവയുമായി ബന്ധപ്പെട്ട വിഷയങ്ങൾ ചർച്ച ചെയ്യുകയും പ്രവർത്തന പരിപാടി ആസൂത്രണം ചെയ്യുന്നു. | | |
| ജൈവവൈവിധ്യ ഉദ്യാനം വിപുലീകരിക്കൽ | വിദ്യാലയത്തിന്റെ സ്ഥല സൗകര്യങ്ങൾ, സാധ്യതകൾ ഇവ പരിശോധിച്ച് 1 മുതൽ 4 വരെ ക്ലാസുകളിലെ കുട്ടികളുടെ പാഠഭാഗത്തിലെ പഠനനേട്ടങ്ങൾക്കനുസരിച്ചുള്ള പരമാവധി സസ്യങ്ങൾ ശേഖരിക്കുകയും അവ നട്ടുപിടിപ്പിക്കുകയും സംരക്ഷിക്കുകയും ചെയ്യുന്നു. ചുറ്റുപാടും ലഭിക്കുന്ന സസ്യങ്ങൾ പരമാവധി ഇനങ്ങൾ റോസ, മുളക്, മുല്ല, പിച്ചി, തെറ്റി, കാശിതുമ്പ, നാലുമണി, പത്തുമണി വിവിധ പച്ചക്കറികൾ, പൂച്ചെടികൾ, | | |

| | | | |
|---|---|---|---|
| | ഫലസസ്യങ്ങൾ ഇവ ശേഖരിക്കുകയും നട്ട് വളർത്തി പരിപാലിക്കുകയും ചെയ്യുന്നു. | | |
| പാഠഭാഗവുമായി ബന്ധിച്ചുള്ള പഠനം | പാഠഭാഗവുമായി ബന്ധപ്പെട്ട പഠനനേട്ടങ്ങളുടെ ലക്ഷ്യസാക്ഷാത്ക്കാരത്തിനുള്ള പഠനപ്രവർത്തനം ആസൂത്രണം ചെയ്തു ക്ലാസിൽ നടപ്പിലാക്കുന്നു. ജൈവവൈവിധ്യ ഉദ്യാനം കുട്ടികൾ സന്ദർശിക്കുകയും ചെടികൾ, സസ്യങ്ങൾ എന്നിവയുടെ പട്ടിക തയ്യാറാക്കുകയും അവയുടെ പ്രത്യേകതകൾ ക്ലാസിൽ ചർച്ച ചെയ്യുകയും ചെയ്യുന്നു. സസ്യങ്ങളുടെ പ്രത്യേകതകൾ ക്കനുസരിച്ച് അവയെ തരംതിരിക്കുകയും പട്ടിക തയ്യാറാക്കുകയും ചെയ്യുന്നു. | | |
| ലക്ഷ്യ സാക്ഷാത്ക്കാരം | ഓരോ ക്ലാസിലെയും പഠനനേട്ടങ്ങളുടെ അടിസ്ഥാനത്തിൽ ജൈവവൈവിധ്യ ഉദ്യാനത്തെ പഠനനേട്ടപ്രക്രിയയുടെ ഭാഗമായി വളരുന്ന ജൈവവൈവിധ്യ ഉദ്യാനം എന്ന ലക്ഷ്യം സാക്ഷാത്ക്കരിക്കുന്നു. | | |

# സർഗ്ഗോത്സവം

## എൽ. പി. വിഭാഗം

## 2025 - 26

# സർഗ്ഗോത്സവം

മേഖല : സർഗ്ഗാത്മകശേഷികളുടെ വികാസം

ഉപമേഖല : വിദ്യാർത്ഥികളിൽ അന്തർലീനമായിരിക്കുന്ന സർഗ്ഗാത്മക കഴിവുകളുടെ പരിപോഷണം

## ആമുഖം

വിദ്യാർത്ഥികളിൽ അന്തർലീനമായിരിക്കുന്ന സർഗ്ഗാത്മകശേഷികളുടെ പരിപോഷണം കൂടി വിദ്യാഭ്യാസം കൊണ്ട് ലക്ഷ്യമിടുന്നുണ്ട്. വിദ്യാർത്ഥികളുടെ കലാസാഹിത്യ പ്രവൃത്തിപരിചയമേഖലകളിലുള്ള വളർച്ച അത്യന്താപേക്ഷിതമാണ്. ആധുനിക സാങ്കേതികവിദ്യയുടെ കുതിച്ചുചാട്ടവും, മൊബൈൽ, ഇന്റർനെറ്റ് എന്നിവയുടെ വ്യാപനവും കുട്ടികളെ ഒരു പരിധിവരെ ഇത്തരം മാധ്യമങ്ങളുടെ അടിമയാക്കി മാറ്റിയിട്ടുണ്ട്. ഇതിൽനിന്നും ഒരു മോചനം സാധ്യമാക്കണമെങ്കിൽ കുട്ടികൾക്ക് പങ്കാളിത്തം ലഭിക്കത്തക്ക രീതിയിലുള്ള എല്ലാ ശേഷിയിലുള്ളവരെയും പരിഗണിച്ചുകൊണ്ടുള്ള സർഗ്ഗാത്മക പ്രവർത്തനങ്ങൾ വിദ്യാലയങ്ങളിൽ ആസൂത്രണം ചെയ്ത് നടപ്പിലാക്കാൻ കഴിയണം. വിഷയാടിസ്ഥാനത്തിൽ കല, സാഹിത്യം, നാടൻകലാരൂപങ്ങൾ, ഒറിഗാമി, നാടൻപാട്ട്, ലഘുപരീക്ഷണങ്ങൾ, ലഘുനാടകങ്ങൾ, വെജിറ്റബിൾ പ്രിന്റിംഗ്, ചിത്രകലാപരിശീലനം എന്നിവ ഉൾപ്പെടുത്തി പ്രത്യേക മൊഡ്യൂൾ സജ്ജീകരിച്ച് വിദഗ്ദപരിശീലനം നേടിയവരെ കണ്ടെത്തി സർഗ്ഗോത്സവം സംഘടിപ്പിക്കുന്നതിലൂടെ വിദ്യാലയത്തെ മാറ്റിയെടുക്കുന്നതിനും, വിദ്യാർത്ഥികളിൽ പുതിയ മാറ്റങ്ങൾ ഉണ്ടാക്കിയെടുക്കുന്നതിനും തുടർപരിശീലനത്തിനും അവസരം കണ്ടെത്തുന്നു.

## അവസ്ഥാവിശകലനം

വിദ്യാർത്ഥികളിൽ ഒളിഞ്ഞിരിക്കുന്ന സർഗ്ഗാത്മക കഴിവുകൾ വികസിപ്പിക്കേണ്ടതിന്റെ ആവശ്യകത ബോധ്യപ്പെട്ടതിന്റെ അടിസ്ഥാനത്തിലാണ്

ഈ പ്രവർത്തനം നടത്താൻ പ്രേരണയായത്. സ്കൂളിലെ ഓരോ ക്ലാസിലും പഠിക്കുന്ന വിദ്യാർത്ഥികൾ പാഠപുസ്തകേതര പ്രവർത്തനങ്ങളിൽ കൂടുതൽ താല്പര്യം പ്രകടിപ്പിക്കുന്നുണ്ട്. ഒത്തിരി സർഗ്ഗാത്മക കഴിവുകൾ കുട്ടികളിൽ പ്രകടമാണ്. ഇതിന്റെ പരിപോഷണമാണ് വിദ്യാഭ്യാസത്തിലൂടെ ലക്ഷ്യമിടേണ്ടത് എന്ന പുനർചിന്തനമാണ് ഈ പരിപാടിയിലേയ്ക്ക് നയിച്ചത്.

ലക്ഷ്യങ്ങൾ

- കുട്ടികളിൽ അന്തർലീനമായിരിക്കുന്ന സർഗ്ഗാത്മക കഴിവുകൾ കണ്ടെത്തുന്നു.
- സർഗ്ഗാത്മക കഴിവുകളുടെ വിവിധ മേഖലകൾ കണ്ടെത്തി പരിശീലനം നൽകുകയും, സർഗ്ഗാത്മകതയുടെ പ്രകടനത്തിലുള്ള അവസരം നൽകുകയും ചെയ്യുന്നു.
- വിവിധ കലാരൂപങ്ങൾ പരിചയപ്പെടുന്നതിനും, പരിശീലനം നേടുന്നതിനും
- വിവിധ സാഹിത്യരൂപങ്ങൾ പരിചയപ്പെടുകയും തിരിച്ചറിയുകയും ചെയ്യുന്നു.
- സർഗ്ഗാത്മകശേഷികളുടെ പ്രകടനവും, പുതിയ ശേഷികൾ ആർജ്ജിക്കലും.
- ചിത്രകല, അക്ഷരച്ചിത്രങ്ങൾ എന്നിവയിൽ പരിശീലനം നേടുന്നതിനും, പ്രയോഗതലത്തിലെത്തിക്കുന്നതിനും.
- നാടൻപാട്ടുകൾ, നാടൻകലാരൂപങ്ങൾ എന്നിവ പരിചയപ്പെടുന്നതിനും, പരിശീലനം നേടുന്നതിനും അവതരിപ്പിക്കുന്നതിനും.

പ്രതീക്ഷിതനേട്ടം

വിദ്യാർത്ഥികളിൽ അന്തർലീനമായിരിക്കുന്ന കഴിവുകളുടെ പ്രകടനവും, പരിശീലനവും.

പ്രവർത്തനങ്ങൾ

- ☆ നൃത്തം, സംഗീതം, ലഘുനാടകം ഇവയിൽ പരിശീലനം നേടിയ റിസോഴ്സ് അധ്യാപകർ, പൂർവ്വവിദ്യാർത്ഥികൾ, രക്ഷിതാക്കൾ എന്നിവരെ കണ്ടെത്തി ഒന്നോ രണ്ടോ ദിവസം കുട്ടികൾക്ക് പരിശീലനം നൽകുന്നു.

തുടർപരിശീലനത്തിന് സാധ്യതയുള്ള കുട്ടികൾക്ക് അതിനുള്ള അവസരം സാധ്യമാക്കുന്നു.

* വിവിധ സാഹിത്യരൂപങ്ങൾ ( കഥ, ലേഖനം, നോവൽ, കവിത) കുട്ടികളെ പരിചയപ്പെടുത്തുന്നു. അധ്യാപകർ ഇതിനായുള്ള പഠനപ്രവർത്തനങ്ങൾ തയ്യാറാക്കി സർഗ്ഗോത്സവത്തിന്റെ ടൈംടേബിളനുസരിച്ച് സെക്ഷൻ കൈകാര്യം ചെയ്യുന്നു.
* നാടൻപാട്ട്, വഞ്ചിപ്പാട്ട്, കഥാപ്രസംഗം, നാടൻകളികൾ, ലഘുനാടകങ്ങൾ ഇവ പരിചയപ്പെടുത്തുകയും അവതരിപ്പിക്കുന്നതിനും അവസരം നൽകുന്നു.
* മാജിക്, ലഘുപരീക്ഷണങ്ങൾ, പാവനിർമ്മാണം, ഒറിഗാമി, വെജിറ്റബിൾ പ്രിന്റിംഗ്, കളിപ്പാട്ട നിർമ്മാണം തുടങ്ങിയവയിൽ പരിശീലനം നൽകുകയും, പരിശീലനം ലഭിച്ച വ്യക്തികളുടെ നേതൃത്വത്തിൽ പരിശീലനപരിപാടി സംഘടിപ്പിക്കുകയും ചെയ്യുന്നു.
* ചിത്രരചന, അക്ഷരച്ചിത്രങ്ങൾ എന്നിവയിൽ പരിശീലനം നൽകുകയും കുട്ടികളുടെ സൃഷ്ടികൾ പ്രദർശിപ്പിക്കുന്നതിനുള്ള അവസരം നൽകുകയും ചെയ്യുന്നു.